**ഡോ. ഹസൻ റൌഹാനി ഇറാന് പ്രസിഡണ്ട് ആയതിന്റെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര റോഡ് ട്രാൻസ്പോർട് , ഹൈവേസ് ആൻഡ് ഷിപ്പിംഗ് മന്ത്രി ഇന്ത്യയെ പ്രതിനിധീകരിച്ചു**

ആഗസ്ത് 06, 2017

ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാനിലെ പ്രസിഡണ്ട് ആയി ഹിസ് എക്സലൻസി ഡോ. ഹസൻ റൌഹാനി രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ടതിന്റെ ഉദ്ഘാടന ചടങ്ങില് ആഗസ്ത് 5, 2017 നു കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് , ഹൈവേസ് ആൻഡ് ഷിപ്പിംഗ് മന്ത്രി ശ്രീ നിതിൻ ഗഡ്കരി ഇന്ത്യയെ പ്രതിനിധീകരിച്ചു

ആഗസ്ത് 5-6, 2017 എന്നീ രണ്ടു ദിവസങ്ങളിൽ നടത്തിയ തന്റെ സന്ദർശനത്തില് ശ്രീ ഗഡ്കരി പ്രസിഡണ്ട് റൌഹാനിയുമായും വൈസ് പ്രസിഡണ്ട് ശ്രീ ഇഷാഖ് ജഹാംഗിരിയുമായും കൂടിക്കാഴ്ച നടത്തി , അതോടൊപ്പം ഇറാനിലെ റോഡ്, അർബന് വികസന മന്ത്രി ഡോ. അബ്ബാസ് അഖൌണ്ടിയുമായി വിശദമായി കാഴ്ചപ്പാടുകൾ പങ്ക് വക്കുകയും ചെയ്തു

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പ്രസിഡണ്ട് റൌഹാനിക്ക് അയച്ച ആശംസാ കത്ത് ശ്രീ ഗഡ്കരി കൈമാറി, അതിൽ ഇന്ത്യ സന്ദർശിക്കുവാനായി ഇറാന് പ്രസിഡണ്ടിനുള്ള പ്രധാനമന്ത്രിയുടെ ക്ഷണവും ഉണ്ടായിരുന്നു

യോഗത്തില് , കഴിഞ്ഞ വർഷം പ്രധാനമന്ത്രി ഇറാന് സന്ദർശിക്കവേ ചഹ്ബാർ തുറമുഖ വികസനം ഉൾപ്പെടെ എടുക്കപ്പെട്ട തീരുമാനങ്ങൾ നടപ്പാക്കിയതിലെ പുരോഗതി ഇരു ഭാഗങ്ങളും സകാരാത്മകമായി വിലയിരുത്തുകയും അവലോകനം ചെയ്യുകയും ചെയ്തു . തുറമുഖം എത്രയും എളുപ്പം പൂർത്തിയാക്കുന്നതിനും പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു വിഭാഗവും ആവർത്തിച്ചു പറഞ്ഞു , ഉഭയകക്ഷി , മേഖലാ വ്യാപാരത്തിനും സാമ്പത്തിക വികസനത്തിനും അത് വഴി സംഭാവന ചെയ്യുകയും അതോടൊപ്പം കരകളാൽ ചുറ്റപ്പെട്ട അഫ്ഗാനിസ്ഥാന് മേഖലാ, ആഗോള വിപണികളിൽ എത്തുവാന് മറ്റൊരു അവസരം ഒരുക്കുകയും ചെയ്യും

ന്യൂഡെൽഹി
ആഗസ്ത് 06, 2017